സംസ്ഥാനത്ത് ഡ്രാക്കുള ഭരണം: കൊടിക്കുന്നിൽ സുരേഷ്

കൊഴിഞ്ഞാമ്പാറ: ചോരകുടിച്ച് മതിവരാത്ത ഡ്രാക്കുളമാരാണ് സംസ്ഥാനം ഭരിക്കുന്നതെന്ന് കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എം.പി. ഡി.സി.സി പ്രസിഡന്റ് വി.കെ. ശ്രീകണ്ഠൻ നയിക്കുന്ന 'ജയ്ഹോ' പദയാത്ര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാർട്ടി ഗ്രാമങ്ങളിൽ വളർത്തിയെടുക്കുന്ന ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗപ്പെടുത്തി നാട്ടിൽ അരുംകൊല നടത്തുകയാണ് സി.പി.എം ചെയ്യുന്നതെന്നും അദ്ദേഹം ആരോപിച്ചു.

മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം പുതിയ മീഡിയറൂമിൽ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ വാർത്താസമ്മേളനം സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ പുതുതായി ഒരുക്കിയ മീഡിയറൂമിൽ. നോർത്ത് ബ്ലോക്കിന്റെ താഴത്തെ നിലയിലാണ് അറുപത് മാദ്ധ്യമപ്രവർത്തകർക്ക് ഇരിക്കാവുന്ന സൗകര്യമുള്ള മീഡിയറൂം സജ്ജമാക്കിയിരിക്കുന്നത്. പുതിയ തുടക്കമാണല്ലോ എന്ന മുഖവുരയോടെയാണ് മുഖ്യമന്ത്രി ഇന്നലെ ഇവിടെ ആദ്യ വാർത്താസമ്മേളനത്തിലേക്ക് കടന്നത്. നേരത്തേ സെക്രട്ടേറിയറ്റ് സുരക്ഷാ ഉദ്യോഗസ്ഥർ ഉപയോഗിച്ചിരുന്ന മുറിയാണ് മീഡിയാറൂമിനായി നവീകരിച്ച് സജ്ജമാക്കിയത്. ദൃശ്യമാദ്ധ്യമങ്ങൾക്ക് കൂടി അനുയോജ്യമായ വിധമാണ് ഇവിടെ ശബ്ദസംവിധാനങ്ങളും മറ്റും ക്രമീകരിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതികരണം ആരാഞ്ഞ് സെക്രട്ടേറിയറ്റിലെത്തുന്ന മാദ്ധ്യമങ്ങൾക്ക് നോർത്ത്ബ്ലോക്കിന്റെ താഴത്തെ നിലയിൽ തന്നെ പ്രത്യേകസൗകര്യമൊരുക്കാനാണ് പുതിയ മീഡിയറൂം എന്ന് സർക്കാർവൃത്തങ്ങൾ വിശദീകരിച്ചു.

പഠനച്ചെലവ് ഏറ്റെടുക്കും

കോഴിക്കോട്: സാംസ്കാരിക നായകർ സി.പി.എമ്മിന് മുന്നിൽ നാക്കും വാക്കും പണയം വച്ചിരിക്കുകയാണെന്ന് കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്ത് പറഞ്ഞു. സി.പി.എമ്മിന് മുന്നിൽ കുനിഞ്ഞിരിക്കുന്ന സാംസ്കാരിക നായകർ സർക്കാർ നൽകുന്ന അപ്പക്കഷണം പ്രതീക്ഷിച്ചിരിക്കുകയാണ്. കൃപേഷിന്റേയും ശരത്‌ലാലിന്റേയും സഹോദരിമാരുടെ പഠനച്ചെലവ് കെ.എസ്.യു ഏറ്റെടുക്കും. അക്രമസംഭവങ്ങൾ തടയാൻ മുഖ്യമന്ത്രി തയ്യാറായില്ലെങ്കിൽ തിരിച്ചടിക്കാൻ കെ.എസ്.യു തയ്യാറാണ്. ആശയങ്ങളെ കാഠാര കൊണ്ട് നേരിടാനാണെങ്കിൽ ജീവൻ കളയാനും കെ.എസ്.യു പ്രവർത്തകർ തയ്യാറാണെന്നും അഭിജിത്ത് പറഞ്ഞു.

പാർട്ടി നിർബന്ധിച്ചാൽ മത്സരിക്കും: ഇന്നസെന്റ്

ആലുവ: ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ താത്പര്യമില്ലെന്നും പാർട്ടി നിർബന്ധിച്ചാൽ വഴങ്ങുമെന്നും ഇന്നസെന്റ് എം.പി പറഞ്ഞു. ആലുവയിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാരീരികമായ അവശതകളുണ്ട്. വർഷങ്ങളായി പാർട്ടിയിൽ പ്രവർത്തിക്കുന്നവർക്കായി വഴിമാറണമെന്ന് ആഗ്രഹമുണ്ട്. എല്ലാ വിവരങ്ങളും നേതൃത്വത്തെ ധരിപ്പിച്ചിട്ടുണ്ട്. മണ്ഡലം മാറിമത്സരിക്കണമെന്ന് നേതൃത്വം ആവശ്യപ്പെട്ടാലും ഒഴിഞ്ഞുമാറാനാകില്ല. സിനിമക്കാർ രാഷ്ട്രീയത്തിൽ ഇറങ്ങുന്നതിനെ കുറ്റപ്പെടുത്തേണ്ടതില്ല. മണ്ഡലത്തിൽ തന്റെ സാന്നിദ്ധ്യം കുറവായിരുന്നുവെന്ന ആക്ഷേപം രാഷ്ട്രീയ പ്രേരിതം മാത്രമാണെന്നും ഇന്നസെന്റ് പറഞ്ഞു.

ഡാറ്റാബാങ്ക് ഇൻഫോപാർക്കിൽ

തിരുവനന്തപുരം : പ്രകൃതി ദുരന്തം പോലുള്ള കാരണങ്ങൾ കൊണ്ട് ഡാറ്റകൾ നഷ്ട്പെടുന്ന കമ്പനികൾക്ക് വേണ്ടി ഡിസാസ്റ്റർ റിക്കവറി സംവിധാനവും ഡാറ്റാബാങ്കും ഒരുക്കാൻ മദ്ധ്യപ്രദേശിലെ ഇൻഡോർ ആസ്ഥാനമായുള്ള റാക് ബാങ്ക് കമ്പനി ചേർത്തല ഇൻഫോപാർക്കിൽ വിശാലമായ ഡാറ്റാബാങ്ക് ആരംഭിക്കും. ഇതിനായി സർക്കാർ നാൽപതേക്കർ വിട്ടുകൊടുക്കും. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ റാക് ബാങ്കിന്റെ സ്ഥാപകനായ അനിൽ റെഡ്ഡിയും സംസ്ഥാന ഐ. ടി. പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഋഷികേശ് നായരും ഒപ്പുവച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, ഐ.ടി.സെക്രട്ടറി എം.ശിവശങ്കർ, മുഖ്യമന്ത്രിയുടെ ഐടി ഫെല്ലോ അരുൺബാലചന്ദ്രൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഹാരിസൺ ഭൂമി: കരം സ്വീകരിക്കുന്നത് മാറ്റി

തിരുവനന്തപുരം: ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമിയുടെ കരം സ്വീകരിക്കാനുള്ള നിർദ്ദേശം ഇന്നലത്തെ മന്ത്രിസഭാ യോഗത്തിന്റെ അജൻഡയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ തീരുമാനം മാറ്റിവച്ചു മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും അംഗീകാരത്തോടെയാണ് നിർദ്ദേശം അജൻഡയിൽ വന്നതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായേ കരം സ്വീകരിക്കാവൂ എന്ന് കുറിപ്പിൽ രേഖപ്പെടുത്തുന്നതിൽ പിഴവുണ്ടായി. ചില മന്ത്രിമാർ ഇത് ചൂണ്ടിക്കാട്ടിയതോടെ അപാകത തിരുത്തി അടുത്ത മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാൻ യോഗം നിർദ്ദേശിക്കുകയായിരുന്നു. ഹാരിസൺ ഉൾപ്പെടെയുള്ള കക്ഷികൾക്ക് ഗുണം ചെയ്യുന്ന നിലഒഴിവാക്കാനാണിത്. കൊല്ലം,കോട്ടയം,ഇടുക്കി,പത്തനംതിട്ട ജില്ലകളിൽ സ്പെഷ്യൽ ഓഫീസർ എം.ജി. രാജമാണിക്യം ഏറ്റെടുത്ത 36,000 ഏക്കർ തോട്ടഭൂമിയുടെ കരം എടുക്കുന്നതാണ് തർക്ക വിഷയം.

ബില്ലുമായി ട്രഷറിയിലേക്കു ചെല്ലേണ്ട

പാസാക്കാതെ 334 കോടി

പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: ഇത്തവണ സാമ്പത്തിക വർഷാവസാനത്തിന് പ്രളയാനന്തര നഷ്ടത്തിന്റെ കടുപ്പമുള്ളതുകൊണ്ട് ട്രഷറികൾ മുണ്ടുമുറുക്കി. ഫലം, സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ പാടെ നിലയ്ക്കുമെന്ന സ്ഥിതി. തദ്ദേശസ്ഥാപനങ്ങൾക്ക കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 334 കോടി രൂപയുടെ ബില്ലുകളാണ് ട്രഷറികൾ മാറ്റിവച്ചിരിക്കുന്നത്. ബില്ല് മാറാതായതോടെ പഞ്ചായത്തുകളിലും നഗരസഭകളിലും കരാറുകാർ പണി നിറുത്തി.

വകുപ്പുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ഒരു ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾക്കായിരുന്നു ആദ്യം നിയന്ത്രണം. ചെറുകിട നിർമ്മാണങ്ങൾ ഏറ്റെടുത്ത കരാറുകാർ വെട്ടിലായതോടെ ധനവകുപ്പ് അല്പം അയഞ്ഞു. അഞ്ചു ലക്ഷം വരെയുള്ള ബില്ലുകൾ മാറാമെന്ന് കഴിഞ്ഞ ദിവസം ഉത്തരവിറക്കി. പക്ഷേ, കരാറുകാർക്ക് ഇതുകൊണ്ട് ഗുണമുണ്ടാകില്ല. ട്രഷറികളിലെത്തുന്ന ഒരു ലക്ഷത്തിനു മേലുള്ള കരാർ ബില്ലുകൾ ക്യൂ സിസ്റ്റത്തിലേക്കു മാറ്റുന്നതാണ് നിലവിലെ സമ്പ്രദായം. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിന് അനുസരിച്ച് ആദ്യമെത്തിയ ബില്ലുകൾ ആദ്യം എന്ന ക്രമത്തിൽ പാസാക്കും. എന്നു പാസാകുമെന്നു ചോദിച്ചാൽ ഉത്തമില്ല.

ഒരു ലക്ഷത്തിനു മുകളിലുള്ള കണ്ടിജന്റ് ബില്ലുകൾ പാസാക്കേണ്ട എന്നാണ് ധനവകുപ്പിന്റെ നിർദ്ദേശം. പദ്ധതിയിതര ചെലവുകളുടെയും വകുപ്പു ചെലവുകളുടെയും മറ്റും ബില്ലുകളാണ് ഈ വിഭാഗത്തിൽ. അത്യാവശ്യ സാഹചര്യമുണ്ടെങ്കിൽ ധനവകുപ്പിന്റെ പ്രത്യേക അനുമതിയോടെ മാത്രം ഈ ബില്ലുകൾ മാറാം.

ഡിസംബറിലാണ് നിയന്ത്രണം തുടങ്ങിയത്. അന്ന് 50 ലക്ഷമായിരുന്നു പരിധിയെങ്കിൽ ജനുവരി ആദ്യം അത് 10 ലക്ഷമാക്കി. 20 ന് പരിധി ഒരു ലക്ഷമാക്കി. പരാതിയായപ്പോൾ കഴിഞ്ഞ വെള്ളിയാഴ്ച അഞ്ചു ലക്ഷമായി ഇളവ് നൽകി. അതിനാകട്ടെ ക്യൂ എന്ന കരുക്കും.

ഇതിനിടെ ആശങ്കയിലായ ചില വകുപ്പുകൾ തങ്ങളുടെ തുക മൊത്തമായി പിൻവലിക്കാനും ശ്രമം നടത്തി. തിരുവനന്തപുരം ജില്ലാ ട്രഷറിയിലാണ് പ്രളയാനന്തര അറ്റകുറ്റപ്പണികൾക്കെന്നു കാണിച്ച് ജലവിഭവവകുപ്പിന്റെ 536.27 കോടിയുടെ ബില്ല് എത്തിയത്. ട്രഷറി അഡിക്യതർ ധനവകുപ്പിന്റെ അനുമതി തേടി. അന്നന്നത്തെ ചെലവുകൾ പോലും നടത്താനാവാത്ത വിധം കഷ്ടത്തിലായ ധനസ്ഥിതിയിൽ മറുപടി വൈകിയില്ല: കാൽക്കാശ് പാസാക്കേണ്ടേ!

വറുതി വന്ന വഴി

പൊതുവിപണിയിൽ നിന്ന് കടമെടുക്കാനുള്ള കേരളത്തിന്റെ പരിധി കേന്ദ്രം കുറച്ചതാണ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കും ട്രഷറി നിയന്ത്രണത്തിലേക്കും നയിച്ചതെന്നാണ് ധനവകുപ്പിന്റെ വാദം. 1800 കോടിയോളം രൂപയാണ് ഇതുവഴി മുടങ്ങിയത്. ഏപ്രിലിൽ സർക്കാർ ജീവനക്കാരുടെ രണ്ടു ഗഡു ഡി.എ കുടിശക നൽകണം.

മാർച്ചിൽ നാലു മാസത്തെ ക്ഷേമനിധി പെൻഷൻ കുടിശിക വർദ്ധിപ്പിച്ച നിരക്കിൽ ഒരു മാസത്തെ മുൻകൂർ തുകയുമുണ്ട്. ഇതിന് 2980.68 കോടി വേണം.

ഇളവ് ഇവയ്ക്ക്

ശമ്പളം, പെൻഷൻ, പൊതുമരാമത്ത്, ജലസേചനം, ലൈഫ് ഭവന പദ്ധതി, മരുന്നുകൾ വാങ്ങുന്നത്, തുറമുഖ എൻജിനിയറിംഗ്

KAUMUDI SPECIAL

"ട്രഷറികളിൽ അസ്വാഭാവിക നിയന്ത്രണമില്ല. സാമ്പത്തിക വർഷാവസാനത്തിൽ ഏർപ്പെടുത്തുന്ന പതിവ് നിയന്ത്രണം മാത്രമാണിത്. ട്രഷറിയിൽ കൂടുതൽ കറൻസിയും ധനലഭ്യതയും ഉറപ്പാക്കാനുള്ള നടപടിയാണിത്. അടുത്തമാസത്തോടെ ഇത് പൂർണമായും ഒഴിവാക്കും.

- ധനവകുപ്പ് മന്ത്രിയുടെ ഓഫീസ്

തോമസ് ചാണ്ടിയുടെ റിസോർട്ടിന് 2.73 കോടി പിഴ

ആലപ്പുഴ: കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചെന്ന് കണ്ടെത്തിയതിനെത്തുടർന്ന്, തോമസ് ചാണ്ടി എം.എൽ.എയുടെ ഉടമസ്ഥതയിലുള്ള കുട്ടനാട്ടിലെ 'ലേക് പാലസ്' റിസോർട്ടിന് 2.73 കോടി രൂപ ആലപ്പുഴ നഗരസഭ പിഴയിട്ടു. 15 ദിവസത്തിനകം തുക അടയ്ക്കണമെന്ന് കാട്ടി നഗരസഭാ സെക്രട്ടറി എസ്.ജഹാംഗീർ റിസോർട്ടിന് നോട്ടീസ് നൽകി. ഇന്നലെ ചേർന്ന നഗരസഭാ കൗൺസിൽ യോഗമാണ് തീരുമാനമെടുത്തത്.

തോമസ് ചാണ്ടി, മാത്യു ജോസഫ്, എൻ.എക്സ്. മാത്യു എന്നിവരുടെ ഉടമസ്ഥതയിൽ നഗരസഭാ പരിധിയിൽ, കുട്ടനാട്ടിലെ തിരുമലയിൽ പ്രവർത്തിക്കുന്ന വാട്ടർ വേൾഡ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അനധികൃത നിർമ്മാണങ്ങൾ നടത്തിയതായി നഗരസഭാ സെക്രട്ടറി, മുനിസിപ്പൽ എൻജിനിയർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. റിസോർട്ടിലെ 22 കെട്ടിടങ്ങളിൽ അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തിയതായും 10 കെട്ടിടങ്ങൾ പുതുതായി നിർമ്മിച്ചെന്നുമാണ് കണ്ടെത്തൽ. 22 കെട്ടിടങ്ങളുടെ ഏരിയ 5020.11 ചതുരശ്ര മീറ്ററിൽ നിന്ന് 6287 ചതുരശ്ര മീറ്ററായി വർദ്ധിപ്പിച്ചു. ഇതിന് 17.26 ലക്ഷം രൂപ പിഴയും അധിക നികുതിയുമാണ് കണക്കായിട്ടുള്ളത്.

കെട്ടിടം നിർമ്മിച്ച 2001 മുതലുള്ള നികുതിയാണ് നഗരസഭ കണക്കാക്കിയത്. പത്ത് അനധികൃത കെട്ടിടങ്ങൾക്ക് 2013 മുതലുള്ള നികുതി അടയ്ക്കണം. റിസോർട്ടിലെ കെട്ടിടങ്ങൾ ക്രമവത്കരിക്കാനായി വാട്ടർ വേൾഡ് ടൂറിസം കമ്പനി നഗരസഭയിൽ അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ രേഖകൾ ഹാജരാക്കിയാൽ ഇതു സംബന്ധിച്ച നടപടികൾ നഗരസഭ പരിഗണിക്കും.

"റിസോർട്ടിനെതിരെ നടപടിയുണ്ടായത് രാഷ്ട്രീയ വൈരാഗ്യം മൂലമല്ല. ആലപ്പുഴ നഗരത്തിൽ അനധികൃതമായ നാലു കെട്ടിടങ്ങൾ ഇനിയും പ്രവർത്തിക്കുന്നുണ്ട്. അവർക്കും പിഴ ചുമത്താനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്.

- തോമസ് ജോസഫ്, നഗരസഭ ചെയർമാൻ

പാർട്ടി ജാഥ നടക്കുമ്പോൾ കൊല നടത്തുമോ?

കാസർകോട് ഇരട്ടക്കൊല: പാർട്ടി നടപടിയും ഉണ്ടാവും - മുഖ്യമന്ത്രി

തിരുവനന്തപുരം: കാസർകോട്ടെ ഇരട്ടക്കൊലപാതകം ആസൂത്രണം ചെയ്യേണ്ട യാതൊരാവശ്യവും സി.പി.എമ്മിനില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എന്നാൽ സി.പി.എം ലോക്കൽകമ്മിറ്റി അംഗമാണ് പ്രതിസ്ഥാനത്തെന്ന് വാർത്താലേഖകർ ചൂണ്ടിക്കാട്ടിയപ്പോൾ ബന്ധപ്പെട്ട ആളുകൾക്കെതിരെ നിയമനടപടി മാത്രമാവില്ല, കർക്കശമായ പാർട്ടി നടപടിയും ഉണ്ടാവുമെന്നും പാർട്ടി ഇത് ഗൗരവമായി കാണുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഇടതുമുന്നണിയുടെ രണ്ട് ജാഥകൾ നടക്കുകയാണ്. കാസർകോട് ജില്ലയിൽ ജാഥ നടക്കുമ്പോൾ രാഷ്ട്രീയത്തിന്റെ ആദ്യാക്ഷരമറിയുന്നവരാരും ഇത് ചെയ്യില്ല. തെറ്റും അപലപനീയവുമാണിത്. കൊലപാതകം നടന്ന ഉടനെ കുറ്റവാളികൾക്കെതിരെ കർശന നടപടിയെടുക്കാൻ ഉന്നത പൊലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ടി നിലപാട് പാർട്ടി സെക്രട്ടറി കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. നാട്ടിലെല്ലാവരും തള്ളിപ്പറഞ്ഞ അത്യന്തം നിർഭാഗ്യകരമായ കൊലപാതകമാണിത്. അക്രമത്തിന് പ്രോത്സാഹനം നൽകുന്ന പാർട്ടിയല്ല സി.പി.എം. ധാരാളം അക്രമങ്ങൾ ഏറ്റുവാങ്ങിയ പാർട്ടിയാണ്. ഒരുപാട് ജീവനുകൾ നഷ്ടപ്പെടുന്നത് കടിച്ചമർത്തിയ വേദനയോടെ സഹിച്ചപാർട്ടിയാണ്. അക്രമത്തിന് കൂട്ടുനിൽക്കുന്നതോ ആരെയെങ്കിലും കൊല്ലാൻ നടക്കുന്നതോ ആയ പാർട്ടിയല്ല. ജനങ്ങളിൽ തെറ്റിദ്ധാരണ ഉണർത്തുന്നതോ ജനം അംഗീകരിക്കാത്തതോ ആയ നിലപാടുകളൊന്നും സ്വീകരിക്കില്ല.

സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിലെ പുതിയ മീഡിയ റൂമിൽ വാർത്താ സമ്മേളനത്തിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ

ഫോട്ടോ: ബി.സുമേഷ്

മുഖ്യമന്ത്രിക്ക് രുചിക്കാത്ത ചോദ്യം

എൽ.ഡി.എഫ് ജാഥ നടക്കുമ്പോൾ രാഷ്ട്രീയത്തിന്റെ ആദ്യാക്ഷരമറിയുന്നവർ കൊലനടത്തില്ലെന്ന് പറഞ്ഞാൽ, അല്ലാത്തപ്പോൾ നടത്തുമെന്നാണോ അതിന്റെ യുക്തി എന്ന വാർത്താലേഖകരുടെ ചോദ്യം മുഖ്യമന്ത്രിക്ക് രുചിച്ചില്ല. 'യുക്തിയും അയുക്തിയുമൊന്നും തന്റെ ഭാഗത്ത് നിന്നില്ല. പറയാനുള്ളത് നേരെയങ്ങ് ഞാൻ പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അങ്ങനെ വ്യാഖ്യാനിക്കണമെങ്കിൽ ആവാം. നിങ്ങൾ മറ്റ് പലതും ആഗ്രഹിക്കുന്നെങ്കിൽ അതെന്റെ കൈയിൽ നിന്ന് കിട്ടില്ല'- അടുത്ത ചോദ്യത്തിന് കാക്കാതെ മുഖ്യമന്ത്രി എഴുന്നേറ്റ്പോയി.

ക്രമസമാധാന നിലഭദ്രം

ക്രമസമാധാനനില ഏറ്റവും ഭദ്രമായ സംസ്ഥാനമാണ് കേരളം. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാലും മികച്ച സംസ്ഥാനം കേരളമാണ്. ഈ സർക്കാർ വന്നശേഷം രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ചെന്ന പ്രതിപക്ഷത്തിന്റെ ആരോപണം ശരിയല്ല. രാഷ്ട്രീയകൊലപാതകങ്ങൾ വലിയ തോതിൽ കുറഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി അവകാശപ്പെട്ടു.

തിരുവനന്തപുരത്ത് സ്വാമി സന്ദീപാനന്ദഗിരിയുടെ വീടാക്രമിച്ചപ്പോൾ പോയ മുഖ്യമന്ത്രി ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ വീടുകളിൽ പോകുന്നില്ലെന്ന് പ്രതിപക്ഷം വിമർശിക്കുന്നുണ്ടല്ലോ എന്ന് ചോദിച്ചപ്പോൾ, അവരാരും അങ്ങനെ പറഞ്ഞതായി കേട്ടിട്ടില്ലെന്നായിരുന്നു മറുപടി.

കൊലപാതകത്തിന്റെയെല്ലാം ഉത്തരവാദി താനാണെന്ന മട്ടിലുള്ള ചിത്രീകരണം പ്രതിപക്ഷത്തെ ഉത്തരവാദപ്പെട്ട ആളിൽ നിന്നുണ്ടായിട്ടുണ്ട്. കാസർകോട്ടെ കൊല്ലപ്പെട്ടവരുടെ വീട് മുഖ്യമന്ത്രി സന്ദർശിക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് ആവശ്യപ്പെട്ടതിനെക്കുറിച്ച് ചോദിച്ചപ്പോൾ, കെ.പി.സി.സി പ്രസിഡന്റ് തന്നെയാണ് അതും (കൊലപാതകത്തിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രിക്കാണെന്ന്) പറഞ്ഞത് എന്നായിരുന്നു മറുപടി.

സി.ബി.ഐ അന്വേഷണം വേണം: ചെന്നിത്തല

തിരുവനന്തപുരം: കാസർകോട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം സി.ബി.ഐക്ക് വിടാൻ സർക്കാർ തയ്യാറാവണമെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. കൊലപാതകത്തിനായി സി.പി.എം ഗൂഢാലോചന നടത്തി. നേതാക്കൾ അറിയാതെ ഇങ്ങനെ ഒരു കൃത്യം നടക്കില്ല.

പിണറായിയുടെ പൊലീസ് അന്വേഷിച്ചാൽ ഡ്യൂപ്ലിക്കേറ്റ് പ്രതികളെ മാത്രമേ കിട്ടൂ. കൊലപാതകവുമായി ബന്ധമില്ലെന്നാണ് തുടക്കം മുതൽ സി.പി.എം പറയുന്നത്. ടി.പിയെയും ഷുക്കൂറിനെയും ഷുഹൈബിനെയും കൊലപ്പെടുത്തിയപ്പോഴും ഇതു തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. തങ്ങളുടെ രണ്ട് ജാഥകൾ നടക്കുമ്പോൾ രാഷ്ട്രീയത്തിന്റെ ആദ്യക്ഷരം അറിയുന്നവർ ആരെങ്കിലും ഇങ്ങനെ ചെയ്യുമോ എന്നാണ് മുഖ്യമന്ത്രിയുടെ ചോദ്യം. നെയ്യാറ്റിൻകര ഉപതിരഞ്ഞെടുപ്പിന് ഒരു മാസം മുമ്പാണ് ടി.പി. ചന്ദ്രശേഖരനെ കൊലപ്പെടുത്തിയത്. രാഷ്ട്രീയത്തിന്റെ എ.ബി.സി അറിയാഞ്ഞിട്ടാണോ അത് ചെയ്തത്. മട്ടന്നൂരിൽ ഷുഹൈബ് വെട്ടേറ്റ് വീണ സ്ഥലത്ത് ഒന്നാം വാർഷിക ദിനത്തിൽ ബോംബേറ് നടത്തി. ഇതിന് പിന്നിൽ ആരാണെന്ന് എല്ലാവർക്കും അറിയാം. സംസ്ഥാനത്ത് ക്രമസമാധാനം ഭദ്രമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. കലാപത്തിന് എപ്പോഴും സാദ്ധ്യതയുള്ള വടക്കൻ മേഖലയിൽ എ.ഡി.ജി.പി ഇല്ലാതായിട്ട് മാസങ്ങളായി. എം.വി. ജയരാജനാണ് പൊലീസ് സ്റ്റേഷനുകൾ ഭരിക്കുന്നതെന്നും ചെന്നിത്തല പറഞ്ഞു.

'യഥാർത്ഥ പ്രതികളെ പിടികൂടണം'

'പ്രതികളെ സംരക്ഷിക്കില്ല'

കൊച്ചി : കാസർകോട്ടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ കൊലപാതകത്തിൽ ഡെമ്മികളെയല്ല യഥാർത്ഥ പ്രതികളെയാണ് പിടികൂടേണ്ടതെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പൊലീസും ആഭ്യന്തരവകുപ്പും ഒളിച്ചുകളിക്കുകയാണ്. ആഭ്യന്തരവകുപ്പിന്റെ ഗുരുതര വീഴ്ചയാണ് കൊലപാതകം.

കൊലപാതകം നടത്തിയശേഷം സി.പി.എം ഡെമ്മി പ്രതികളെയാണ് പൊലീസിന് നൽകുക. ടി.പി. ചന്ദ്രശേഖരൻ, ഷുഹൈബ് കൊലപാതകങ്ങളിൽ ഇനിയും യഥാർത്ഥ പ്രതികളെ പിടികൂടാനുണ്ടെന്ന മുൻ നിലപാടിൽ ഉറച്ചുനിൽക്കുന്നു. ജീവന് ഭീഷണിയുണ്ടെന്ന് കൊലയ്ക്കിരയായവർ ബേക്കൽ പൊലീസിനെ അറിയിച്ചെങ്കിലും അവർ അനങ്ങിയില്ല. കൊന്നവരെയും കൊല്ലിച്ചവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരണം.

അരനൂറ്റാണ്ടിനിടെ മലബാറിലും കണ്ണൂരിലുമുണ്ടായ കൊലപാതകങ്ങളിൽ പിണറായിക്ക് പങ്കുണ്ട്. പങ്കില്ലെങ്കിൽ പിണറായി മൗനം വെടിയണം. ടി.പി. ചന്ദ്രശേഖരനെ കൊലപ്പെടുത്തിയതിന് സമാനമാണ് കാസർകോട്ടേതും.

പാർട്ടിയുടെ പരിശീലനം ലഭിച്ച വാടകക്കൊലയാളികളാണ് കൃത്യം നടത്തിയത്. സി.പി.എം നടപ്പാക്കുന്നത് ഉന്മൂലന സിദ്ധാന്തമാണ്. സി.പി.എം ഭീകര രാഷ്ട്രീയ പ്രസ്ഥാനമായി അധഃപതിച്ചു. സി.പി.എമ്മിന്റെ നവോത്ഥാന നിലപാട് കാപട്യമാണ്. അമിത് ഷാ - നരേന്ദ്രമോദി കൂട്ടുകെട്ടിന് സമാനമാണ് പിണറായി - കോടിയേരി സഖ്യം. ഇരുകൂട്ടരും ക്രിമിനൽ മനസ്സുള്ളവരാണ്. പിണറായിയുടെ ആയിരം ദിവസത്തെ ഭരണനേട്ടം 29 കൊലപാതകങ്ങൾ മാത്രമാണ്. കൊലപാതകത്തിൽ പ്രതിഷേധിച്ച് ഇന്ന് എല്ലാ പഞ്ചായത്തുകളിലും പ്രതിഷേധസംഗമങ്ങൾ സംഘടിപ്പിക്കും.

കൃപേഷ്, ശരത് ലാൽ എന്നിവരുടെ കുടുംബങ്ങൾക്ക് ഇന്ന് പത്തുലക്ഷം രൂപ വീതം കൈമാറും. അടുത്തമാസം രണ്ടിന് 15 ലക്ഷം രൂപയും ഇരുകുടുംബങ്ങൾക്കും എത്തിക്കും. അന്വേഷണത്തിന്റെ ഗതിക്കനുസരിച്ചായിരിക്കും പുറത്തുനിന്നുള്ള ഏജൻസിയുടെ അന്വേഷണം ആവശ്യപ്പെടുകയെന്നും മുല്ലപ്പള്ളി പറഞ്ഞു.

കൊല്ലം: കാസർകോട് ഇരട്ടക്കൊലക്കേസ് പ്രതികളെ പാർട്ടി സംരക്ഷിക്കില്ലെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

പാർട്ടിയുടെ അറിവോടെയല്ല ആ കൊലപാതകങ്ങൾ. സി.പി.എം പ്രവർത്തകർക്ക് സംഭവത്തിൽ പങ്കുണ്ടെങ്കിൽ അവർക്ക് പാർട്ടിയിൽ സ്ഥാനമുണ്ടാകില്ലെന്നും എൽ.ഡി.എഫിന്റെ കേരള സംരക്ഷണയാത്രയുടെ ഭാഗമായി കൊല്ലത്തു നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

കൊലപാതക രാഷ്ട്രീയത്തെ തള്ളിപ്പറഞ്ഞ പാർട്ടിയാണ് സി.പി.എം. സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് കേസിൽ പിടിയിലായ ആൾക്കെതിരെ കാസ